ഉത്തരം

(എ)(ബി)&(ഡി) കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മില്ലിന്റെ രണ്ടാംഘട്ട പ്രോജക്ട് സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

31 (555) കായംകുളം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ 1-ന് പരീക്ഷാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മിൽ 2000 മേയ് 31 വരെ പിന്നീട് 7 മാസത്തിനുള്ളിൽ എന്തു തുക ലാഭമുണ്ടാക്കി എന്ന് അറിയിക്കുമോ;

(ബി) മിൽ ഇതുവരെ എത്ര കിലോഗ്രാം നൂൽ ഉൽപ്പാദിപ്പിച്ചു;

(സി) മില്ലിന്റെ മേയ് 31-വരെയുള്ള വിറ്റുവരവുകൾ ആകെ എന്തു തുക വരും;

(ഡി) ഈ 7 മാസത്തിനുള്ളിൽ മിൽ വിവിധ സർക്കാർ ഏജൻസികൾക്ക് നൽകിയിട്ടുള്ള ഫീസുകൾ ആകെ എന്തു തുക വരും; അതിൽ സംസ്ഥാന ഗവൺമെന്റിന് എന്തു ലഭിച്ചു; കേന്ദ്രഗവൺമെന്റിന് എന്തു ലഭിച്ചു?

ഉത്തരം

(എ) വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങിയ 1-11-1999 മുതൽ 31-5-2000 വരെയുള്ള 7 മാസത്തെ പ്രവർത്തനം 50,85,312 രൂപ പ്രവർത്തന ലാഭം കാണിക്കുന്നു. എന്നാൽ 1981 മുതൽ ആർജ്ജിച്ച വിവിധ ലോണുകളുടെ പലിശയും, പ്രോജക്ടിനുവേണ്ടി എടുത്ത ലോണിന്റെ പലിശയും വകയിരുത്തുമ്പോൾ 12,746 രൂപയാണ് ക്യാഷ് പ്രോഫിറ്റ്.

(ബി) 1999 നവംബർ 1 മുതൽ 2000 മേയ് 31 വരെ 2,91,143 കിലോ നൂൽ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) 1-11-1999 മുതൽ 31-5-2000 വരെയുള്ള 7 മാസത്തെ വിറ്റുവരവ് 3,65,65,114/- രൂപയാണ്.

(ഡി) 1.11.1999 മുതൽ 31.5.2000 വരെ സെൻട്രൽ എക്സൈസ് ഇനത്തിൽ 32.09 ലക്ഷവും, സെയിൽടാക്സ് ഇനത്തിൽ 14.94 ലക്ഷം രൂപയും സർക്കാർ ഖജനാവിലേക്ക് അടച്ചിട്ടുണ്ട്.

32 (556) സ്പിന്നിംഗ് മില്ലുകൾക്ക് നൽകുന്ന സഹായം

ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2000-ാം മാണ്ട് ജൂൺ 5 വരെ കേരളത്തിലെ ഗവൺമെന്റ് സ്പിന്നിംഗ് മില്ലുകൾക്കും, സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും ഓരോന്നിനും സർക്കാർ നൽകിയിട്ടുള്ള ഗ്രാന്റ്, ലോൺ, ഷെയർ, ഇതര ധനസഹായങ്ങൾ എന്നിവയുടെ പൂർണ്ണമായ ഒരു പട്ടിക നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടർന്ന് ഈ സർക്കാരിന്റെ കാലത്ത് ഈ മില്ലുകൾക്ക് നൽകാൻ ഉദ്ദേശിക്കുന്ന മേൽപ്പറഞ്ഞ ഇനങ്ങളിൽപ്പെടുത്താവുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഗവൺമെന്റിന്റെ സ്പിന്നിംഗ് മില്ലുകൾക്ക് വിവിധയിനങ്ങളിലായി നൽകിയ തുക ചുവടെ ചേർക്കുന്നു.

കെ.എസ്.റ്റി.സി.

വർഷം	ഓഹരി മൂലധനം	വായ്പ	ഗ്രാന്റ്	ആകെ (തുക ലക്ഷത്തിൽ)
1995-96	94.00	-	-	94.00
1996-97	-	10.00	-	10.00
1997-98	-	232.41	65.76	298.17
1998-99	50.00	127.28	-	177.28
1999-2000	-	-	-	-
2000-2001	-	473.00	-	473.00

തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

വർഷം	അനുവദിച്ച വായ്പ (തുക ലക്ഷത്തിൽ)
1996-97	102.12
1997-98	101.30
1998-99	31.28
1999-2000	70.00

സീതാറാം ടെക്സ്റ്റൈൽസ്

വർഷം	ഗ്രാന്റ്	ലോൺ	ഇക്വിറ്റി (തുക ലക്ഷത്തിൽ)
1996-97	-	-	-
1997-98	-	50.00	-
1998-99	275.00 ലക്ഷം	-	-
1999-2000	-	-	-

സഹകരണ മേഖലയിലുള്ള മില്ലുകളുടെ ഗ്രാന്റ്, ലോൺ, ഷെയർ ചുവടെ ചേർക്കുന്നു.

കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

ഈ മില്ലിന് 190 ലക്ഷം രൂപ ലോണായി അനുവദിച്ചു.

മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

വർഷം	ലോൺ	ഗ്രാന്റ്	ഷെയർ	മറ്റ് ഇതര സഹായങ്ങൾ
1996-97	-	-	-	364.23
1997-98	-	-	-	273.50
1998-99	210	-	-	-
1999-2000	15.60	-	30.00	-

കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

1996-97-ൽ എൻ.സി.ബി.സി. സ്കീം പ്രകാരമുള്ള പ്രവർത്തന മൂലധന മായി ലഭിച്ച 80 ലക്ഷം മാർജിൻ മണിയായി ഉപയോഗിച്ചു.

1998-99-ൽ 250 ലക്ഷം രൂപ വായ്പയായി ലഭിച്ചു.

മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ്

1,87,84,407/- രൂപ സർക്കാർ ലോണായി അനുവദിച്ചു.

പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്

2,07,50,000/- രൂപ സർക്കാർ ലോണായി അനുവദിച്ചു.

മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്

1,92,00,000/- രൂപ സർക്കാർ ലോണായി ലഭിച്ചു.

കഴക്കൂട്ടം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

1,48,230 രൂപ സർക്കാർ ലോണായി ലഭിച്ചു.

ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

1996 മുതൽ 2000 വരെ ഈ മില്ലിന് സർക്കാരിൽ നിന്നും നൽകിയ ധനസഹായം താഴെപ്പറയുന്നു.

ഓഹരി - 355.93 ലക്ഷം രൂപ.

ലോൺ - 200 ലക്ഷം രൂപ.

തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

ഗ്രാന്റ് - തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് 200 ലക്ഷം രൂപയും + 185 ലക്ഷം രൂപ (മുൻ സർക്കാർ അനുവദിച്ച ലോണിനെ ഈ സർക്കാർ ഷെയറാക്കി മാറ്റി.)

ലോൺ - 2,64,10,324 രൂപ.

(ബി) വിവിധ സ്പിന്നിംഗ് മില്ലുകളുടെ നവീകരണം, പുനരുദ്ധാരണം തുടങ്ങിയ കാര്യങ്ങൾ സർക്കാർ നടപ്പിലാക്കി വരികയാണ്. ആലപ്പുഴ സ്പിന്നിംഗ് മിൽ പുതിയ സംരംഭമായതുകൊണ്ട് എൻ.സി.ഡി.സി. യിൽ നിന്നും ഫണ്ട് ലഭ്യമാക്കി വിപുലീകരിക്കുന്നതിന് നടപടി എടുത്തുവരുന്നു.

33 (557) സർവ്വീസിൽനിന്നും പിരിഞ്ഞ തൊഴിലാളികൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ 1996 മുതൽ സർവ്വീസിൽനിന്നും പിരിഞ്ഞ എത്ര തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുവാനുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ;

(ബി) ഇനിയും ഗ്രാറ്റുവിറ്റി നൽകുവാനുള്ള കോർപ്പറേഷൻ തൊഴിലാ ളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോർപ്പറേഷന്റെ ഏതൊക്കെ കശുവണ്ടി ഫാക്ടറികളിൽ 1999 വർഷത്തെ ഒഴിവു ശമ്പളങ്ങൾ തൊഴിലാളികൾക്ക് നൽകുവാനുണ്ടെന്ന വിവ രവും കുടിശ്ശിക ഒഴിവുശമ്പളങ്ങളുടെ എണ്ണവും ഫാക്ടറി നമ്പരും സഹിതം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly